# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4975 | 14.11.2019-ന് മറുപടിയ്ക്ക് |
|---|---|

## കരുനാഗപ്പള്ളിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി താലൂക്കിലെ പല പ്രധാന ഓഫീസുകളും സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും ദേശീയപാത വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ ഇപ്പോഴുള്ള മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചുനീക്കുന്ന സാഹചര്യമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിലെ മിനി സിവിൽ സ്റ്റേഷന്റെ പ്രധാന പ്രവേശനകവാടത്തോട് ചേർന്ന സ്ഥലം ദേശീയപാതാവികസനത്തിന്റെ ഭാഗമായുള്ള അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്നു. |
| (ബി) | ഇവിടെ ലഭ്യമായ സർക്കാർ ഭൂമിയിൽ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുവേണ്ടി ബജറ്റിൽ നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതും ആയതിന് 2019-20 ലെ ബജറ്റിൽ 20% ടോക്കൺ തുക അനുവദിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (മരാമത്ത് പണികളിലെ വിശദ വിവരങ്ങൾ - ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നം.2106 പ്രകാരം കരുനാഗപ്പള്ളി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുവേണ്ടി 40,00,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭരണാനുമതി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇവിടെ മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മിക്കുന്നതിന് കരുനാഗപ്പള്ളി ടൗണിൽ നിന്നും മാറി എൻ.എച്ച് 66-ന് ഏകദേശം 750 മീറ്റർ കിഴക്കുമാറി കെ.ഐ.പി വക അനുയോജ്യമായ ഭൂമിയുണ്ടെന്ന് കണ്ടെത്തുകയും പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), കെ.ഐ.പി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 02/05/2019-ൽ കത്ത് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ